US PROFILES

അജിത്ത് എൻ.നായർ

emalayalee.com

കലാപരം ജീവിതം: അജിത്ത് എൻ.നായർ

◉ മീട്ടു റഹ്മത്ത് കലാം

കല ദൈവീകമാണ്. എഴുത്ത്,സംഗീതം,അഭിനയം എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രതിഭ തെളിയിക്കാൻ സാധിക്കുന്നത് അപൂർവ്വ ഭാഗ്യവും. ഏത് തിരക്കിൽപ്പെട്ടാലും ജന്മസിദ്ധമായ കഴിവുകൾക്ക് മാറ്റ് കുറയില്ലെന്നതിന് ഉദാഹരണമാണ് ന്യൂയോർക്കിലെ സിറ്റി ട്രാൻസിറ്റ് അതോറിറ്റിയിൽ ജോലി ചെയ്യുന്ന അജിത് എൻ. നായർ.

ഉത്സവ്,സ്റ്റാർ സിംഗർ യുഎസ്എ എന്നീ മത്സരങ്ങളിലെ വിജയമാണ് അജിത്തിലെ ഗായകനെ അമേരിക്കൻ മലയാളികൾക്ക് സുപരിചിതനാക്കിയത്.'ഗാന്ധാരി' എന്ന നാടകത്തിലെ ശകുനിയുടെ വേഷം അദ്ദേഹത്തിലെ നടനെ അടയാളപ്പെടുത്തി. അമേരിക്കൻ മലയാളി സംഘടനകളിലെ നിറസാന്നിധ്യമായ അജിത്, 'ജസ്റ്റിസ് ഫോർ ഓൾ' എന്ന സംഘടനയുടെ വൈസ്-ചെയർമാൻ, ഇന്ത്യൻ അമേരിക്കൻ മലയാളി കമ്മ്യൂണിറ്റി ഓഫ് യോങ്കർസിന്റെ പ്രസിഡന്റ് എന്നീ നിലകളിലും ശ്രദ്ധേയമായ സാമൂഹിക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

കവിതാസമാഹാരം പ്രസിദ്ധീകരിക്കാനുള്ള ഒരുക്കങ്ങൾ ഉൾപ്പെടെയുള്ള വിശേഷങ്ങൾ അജിത് എൻ.നായർ ഇ-മലയാളിയോട് പങ്കുവയ്ക്കുന്നു...

emalayalee.com

അമേരിക്കയിൽ എത്തുന്നതിന് മുൻപേ കലാരംഗത്ത് സജീവമായിരുന്നോ?

വൈക്കത്ത് തലയാഴം എന്ന കൊച്ചുഗ്രാമത്തിലാണ് ജനിച്ചത്. അച്ഛനും അമ്മയ്ക്കും ഞങ്ങൾ ഏഴുമക്കളാണ്.ഏറ്റവും ഇളയ ആളായതുകൊണ്ട് സഹോദരങ്ങളുടെ ലാളന കൂടി ഏറ്റുവാങ്ങാൻ ഭാഗ്യമുണ്ടായി. മൂത്ത സഹോദരിമാരായ ശാന്ത ചേച്ചിയും ലീല ചേച്ചിയും പാടിത്തന്ന താരാട്ടുകേട്ടാണ് കുഞ്ഞിലേ ഉറങ്ങിയിരുന്നത്. സംഗീതത്തോട് താല്പര്യം ജനിച്ചതും അങ്ങനെയാണ്.ശാസ്ത്രീയമായി അഭ്യസിച്ചിട്ടില്ല. ഓൾ ഇന്ത്യ റേഡിയോയിലെ ലളിതസംഗീതപാഠങ്ങളുടെ സ്ഥിരം ശ്രോതാവായിരുന്നു.

സ്കൂൾ വിദ്യാഭ്യാസം വൈക്കത്ത് തന്നെയായിരുന്നു. പരിമിതികൾ ഒരർത്ഥത്തിൽ സഹായിച്ചിട്ടുണ്ട്. ഇന്നത്തെ പോലെ യൂട്യൂബിൽ ഒരേഗാനം ആവർത്തിച്ച് കേൾക്കാൻ അന്ന് കഴിയില്ലല്ലോ. ആകെയുള്ള

ആശ്രയമായ റേഡിയോയിൽ കേൾക്കുന്ന പാട്ടുകൾ അന്നേരം തന്നെ ഹൃദിസ്ഥമാക്കാൻ ശീലിച്ചത് വേറെ വഴിയില്ലാത്തതുകൊണ്ടാകാം. സ്കൂളിലെ കലാമത്സരങ്ങളിൽ ധാരാളം സമ്മാനങ്ങൾ കിട്ടിയിട്ടുണ്ട്. എറണാകുളം മഹാരാജാസിൽ പ്രീഡിഗ്രിക്ക് ചേർന്നെങ്കിലും കലാപരമായ കഴിവുകൾ പരിപോഷിപ്പിക്കാൻ സാധിച്ചില്ല. വീട്ടിൽ നിന്ന് ഒന്നര മണിക്കൂർ വീതം അങ്ങോട്ടും ഇങ്ങോട്ടും ബസിൽ യാത്രചെയ്താണ് കോളജിൽ എത്തിയിരുന്നത്. സാമ്പത്തികമായി അത്ര നല്ല അവസ്ഥയിൽ അല്ലാതിരുന്നതുകൊണ്ട് വീടുവിട്ടാൽ കോളജ്, കോളജ് വിട്ടാൽ വീട് എന്ന രീതിക്കായിരുന്നു ആ രണ്ടുവർഷക്കാലത്തെ ജീവിതം. പിന്നീട് കോഴിക്കോടുനിന്ന് മെക്കാനിക്കൽ എഞ്ചിനീയറിങ്ങിൽ ഡിപ്ലോമ എടുത്തു. അവിടെവച്ച് ലളിതഗാനമത്സരത്തിനും ഇംഗ്ലീഷ് പ്രസംഗമത്സരത്തിനും മൂന്ന് വർഷവും ഒന്നാം സ്ഥാനം ലഭിച്ചിരുന്നു. ആ സമയം,ക്രിക്കറ്റ് ടീമിൽ സെലക്ഷൻ കിട്ടിയെങ്കിലും പോയില്ല. സ്വന്തം കാലിൽ നിൽക്കുക എന്ന ലക്ഷ്യത്തോടെ പഠനത്തിൽ കൂടുതൽ ശ്രദ്ധിച്ചു. പാർട് ടൈം ആയി മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ഡിഗ്രി എടുക്കുന്നതിനായി ഡൽഹിയിൽ പോയപ്പോഴാണ് കലാപ്രവർത്തനങ്ങളിൽ കൂടുതൽ സജീവമാകാൻ അവസരം ലഭിച്ചത്.

അമേരിക്കൻ സ്വപ്നം ഉണ്ടായിരുന്നോ?

ഡൽഹിയിൽ സെൻട്രൽ ഗവണ്മെന്റിലായിരുന്നു ജോലി. ലക്നോയിലേക്ക് അപ്രതീക്ഷിതമായി ലഭിച്ച സ്ഥലമാറ്റമാണ് വഴിമാറിച്ചിന്തിക്കാൻ പ്രേരണയായത്. രണ്ടാമത്തെ സഹോദരിയും ഭർത്താവും എൺപതുകളിൽ തന്നെ അമേരിക്കയിലേക്ക് കുടിയേറിയവരാണ്.അവരാണ് ഷൈലയുമായുള്ള വിവാഹാലോചന കൊണ്ടുവന്നത്. ഡൽഹിയിൽ തന്നെ ആയിരുന്നുവെങ്കിൽ അമേരിക്കയിൽ വരാൻ അവസരം ലഭിച്ചാലും വേണ്ടെന്ന് വയ്ക്കുമായിരുന്നു. നമ്മൾ ഏത് നാട്ടിലെ വെള്ളം കുടിക്കണമെന്ന് നേരത്തെ എഴുതപ്പെട്ടിട്ടുണ്ട്.

പറിച്ചുനടലുമായി പൊരുത്തപ്പെടാൻ സമയമെടുത്തോ?

ഏത് സാഹചര്യങ്ങളുമായും പൊരുത്തപ്പെടാൻ ശ്രമിക്കാറുണ്ട്. ഇവിടെ എത്തി, ലീമൻസ് കോളജിൽ കമ്പ്യൂട്ടർ സയൻസിൽ മാസ്റ്റേഴ്സിന് ചേർന്നെങ്കിലും ശാരീരികമായ ചില ബുദ്ധിമുട്ടുകൾ വന്നതോടെ കോഴ്സ് പൂർത്തീകരിക്കാൻ സാധിച്ചില്ല. ഇപ്പോൾ ജോലി ചെയ്യുന്നത് ന്യൂയോർക്ക് സിറ്റി ട്രാൻസിറ്റ് അതോറിറ്റിയിലാണ്. തിരിഞ്ഞുനോക്കുമ്പോൾ ഹാപ്പിയാണ്.

എഴുത്ത്,പാട്ട്,സംഗീതം,നാടകം,സംവിധാനം എന്നിങ്ങനെ പല വിധ കഴിവുള്ളതുകൊണ്ട് ഒന്നിൽ തന്നെ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കാതെ വരുന്നു എന്ന് തോന്നിയിട്ടുണ്ടോ?

പല വിധ കഴിവുകൾ ഭാഗ്യമാണ്. ദൈവാനുഗ്രഹമായി അതിനെ കാണുന്നു. എനിക്കൊരു പാട്ട് ചിട്ടപ്പെടുത്താൻ തോന്നിയാൽ, അതിന്റെ വരികൾ എഴുതാനും സംഗീതം ചെയ്യാനും പാടാനും സാധിക്കും. മറ്റൊരാളെ ആശ്രയിക്കാതെ ഒരു കലാസൃഷ്ടി പൂർത്തിയാക്കുന്നത് നല്ലതല്ലേ.സിനിമയ്ക്കുവേണ്ടി ഗാനങ്ങൾ രചിക്കാൻ അവസരം ലഭിച്ചപ്പോഴും സംഗീതത്തെക്കുറിച്ചുള്ള ജ്ഞാനം ഉപകാരപ്പെട്ടിട്ടുണ്ട്.

ഒരു വിഷയത്തെ ആസ്പദമാക്കി ചെറുകഥയോ ലേഖനമോ എഴുതണമെങ്കിലോ അതിനും കഴിയും. ഒരുകാര്യം തന്നെ ചെയ്ത് മുഷിപ്പു തോന്നില്ല എന്ന മെച്ചവുമുണ്ട്. ചെയ്യുന്നത് എന്തുതന്നെ ആയാലും നൂറു ശതമാനം സമർപ്പിതമായി ചെയ്യുന്നതാണ് എന്റെ

രീതി. ആസ്വദിച്ചു ചെയ്യുന്ന എത്ര ചെറിയ കാര്യവും നമുക്ക് സംതൃപ്തി നൽകും.

അഭിനയത്തിൽ മുൻപരിചയമുണ്ടായിരുന്നോ?

ഡൽഹിയിൽ ജോലി ചെയ്തിരുന്നത് ഡിപ്പാർട്ട്മെന്റ് ഓഫ് കൾച്ചറിന് കീഴിലായിരുന്നു. വിദേശത്തു നിന്നെത്തിയ ഡെലിഗേറ്റ്സിനു മുന്നിൽ അന്നൊരു സയന്റിഫിക് ഡ്രാമ ചെയ്തു. അതിൽ ശാസ്ത്രജ്ഞന്റെ വേഷം ചെയ്ത എനിക്ക് ബെസ്റ്റ് ആക്ടർ അവാർഡും ലഭിച്ചിരുന്നു.

മഹാഭാരതത്തിൽ നിന്നുള്ള ഏതാനും ഭാഗങ്ങളെടുത്ത് അണിയിച്ചൊരുക്കിയ 'ഗാന്ധാരി' എന്ന നാടകത്തിലെ 'ശകുനിയുടെ' വേഷമാണ് അമേരിക്കൻ മലയാളികൾക്കിടയിൽ ശ്രദ്ധിക്കപ്പെട്ടത്. ഗാനങ്ങൾ രചിക്കാൻ വേണ്ടിയാണ് സംവിധായകൻ ഗണേഷ് നായർ എന്നെ സമീപിച്ചത്. പൂർണമായ സ്ക്രിപ്റ്റ് അദ്ദേഹം വായിച്ചുകേൾപ്പിച്ചു. ശകുനിയുടെ വേഷം ചെയ്യാൻ നടനെ കിട്ടിയിട്ടില്ലെന്ന് സംസാരത്തിനിടയിൽ അദ്ദേഹം സൂചിപ്പിച്ചു.ആരെയും കിട്ടിയില്ലെങ്കിൽ ആ റോൾ ഞാൻ ചെയ്യാമെന്ന് തമാശയ്ക്ക് പറഞ്ഞു. അതൊരു നിമിത്തമായിരുന്നു. ഷൈലയും പ്രോത്സാഹിപ്പിച്ചു. അമേരിക്കൻ മലയാളി കുടുംബങ്ങളിൽ കലാകാരന്മാർക്ക് ഭാര്യയിൽ നിന്ന് പ്രോത്സാഹനം ലഭിക്കുന്നത് ശ്ലാഘനീയമാണ് ...

പ്രോത്സാഹനം എന്ന് പറഞ്ഞാൽ തീരില്ല. ചെറിയൊരു ഉദാഹരണം പറയാം. നാടകത്തിന് ശകുനിയായുള്ള എന്റെ മേക്കപ്പ് ചെയ്തത് ഷൈലയാണ്. ശകുനിക്ക് പിരിച്ചുവയ്ക്കുന്ന വലിയ മീശവേണം. ഒട്ടിക്കുന്ന മീശ പ്രതീക്ഷിച്ച സമയത്ത് കിട്ടാതെ വന്നപ്പോൾ, ഷൈല സ്വന്തം മുടിമുറിച്ച് ഒട്ടിച്ച് തരികയായിരുന്നു. അത്ര വലിയൊരു സപ്പോർട്ട് കിട്ടുന്നതുകൊണ്ടാണ് ആവേശത്തോടെ പല കാര്യങ്ങൾ ചെയ്യാൻ സാധിക്കുന്നത്. ഒരു സിനിമയ്ക്ക് തിരക്കഥ എഴുതാൻ ഓഫർ ലഭിച്ചപ്പോൾ എന്നെക്കൊണ്ട് സാധിക്കില്ലെന്ന് പറഞ്ഞ് ഞാനത് നിരസിച്ചപ്പോഴും ഒന്ന് ശ്രമിച്ചു നോക്കെന്ന് ധൈര്യം തന്നത് സഹധർമ്മിണിയാണ്. മൂന്നുനാല് ആഴ്ചകൊണ്ട് അത് പൂർത്തിയാക്കാൻ സാധിച്ചത് ഷൈലയുടെ നിരന്തരമായ പിന്തുണകൊണ്ടു മാത്രമാണ്.

അഭിനയത്തിന് ലഭിച്ച അഭിനന്ദനം?

നാരായണപിള്ള എന്നൊരാൾ എന്നെ കടയിൽ വച്ച് പരിചയപ്പെട്ടത് മറക്കാൻ പറ്റാത്ത അനുഭവമാണ്.അദ്ദേഹത്തിന്റെ വാക്കുകൾ ഇപ്പോഴും ഓർക്കുമ്പോൾ വല്ലാത്ത സന്തോഷം തോന്നും.

കഴിഞ്ഞ 60 വർഷമായി അടുത്ത് എവിടെ നാടകം നടക്കുന്നതായി അറിഞ്ഞാലും പോയിക്കണ്ട് ആസ്വദിക്കുന്ന വ്യക്തിയാണ് നാരായണപിള്ള. മൂന്ന് പതിറ്റാണ്ടിനിടയിൽ അജിത് അഭിനയിച്ചതുപോലൊരു റേഞ്ച് ഞാൻ ആരിലും കണ്ടിട്ടില്ല എന്നദ്ദേഹം പറഞ്ഞപ്പോൾ എന്റെ കണ്ണുനിറഞ്ഞുപോയി. സ്റ്റേജിൽ കയറുമ്പോൾ നമ്മൾ നമ്മളല്ലാതാകും.പൂർണമായും കഥാപാത്രമായി മാറും.അഭിനയം മെച്ചപ്പെടുത്താൻ എന്റെ ഭാഗത്തുനിന്നൊരു ശ്രമവും ഉണ്ടായിട്ടില്ല. ജന്മസിദ്ധമായി കിട്ടിയതാണ്. കല ദൈവീകമാണ് എന്നു തന്നെ വിശ്വസിക്കുന്നു.

പുസ്തകത്തിന്റെ പ്രസിദ്ധീകരണം ഉടൻ പ്രതീക്ഷിക്കാമോ?

പണ്ടുമുതലേ കവിതകൾ കുത്തിക്കുറിക്കുന്ന സ്വഭാവമുണ്ട്. തനിച്ചുള്ള ജീവിതത്തിൽ അലസമായി എഴുതിയിട്ട് ഒരുപാടെണ്ണം നഷ്ടപ്പെട്ടു. ഷൈല വന്നതോടെയാണ് കുറച്ചൊക്കെ അടുക്കും ചിട്ടയും വന്നത്. മറ്റു ജോലിക്കിടയിൽ പെട്ടെന്ന് വീണുകിട്ടുന്ന ആശയങ്ങൾ, എവിടെയെങ്കിലും ഒരു മൂലയ്ക്ക് എഴുതിവച്ചാൽപോലും അവൾ അത് സൂക്ഷിച്ചു വയ്ക്കാറുണ്ട്. അങ്ങനെയുള്ള എഴുത്തുകുത്തുകൾ നോക്കിയപ്പോൾ 850 ല്പരം കവിതകൾ എന്റെ തൂലികയിൽ പിറന്നു എന്നത് എനിക്ക് തന്നെ അത്ഭുതമായി. സഹോദരതുല്യനായി കരുതുന്ന സുഹൃത്തും സഹപ്രവർത്തകനുമായ ജയപ്രകാശ് നായർ നൽകിവരുന്ന പ്രോത്സാഹനവും വളരെ വലുതാണ്.അമേരിക്കയിലെ പല പ്രസിദ്ധീകരണങ്ങൾക്കും എന്റെ കവിതകൾ അദ്ദേഹം തന്നെ ടൈപ്പ് ചെയ്ത് അയച്ചു കൊടുത്തിട്ടുണ്ട്. കവിത സമാഹാരങ്ങൾ പല വാല്യങ്ങളിലാക്കിയാണ് പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നത്. അതിനുള്ള തയ്യാറെടുപ്പ് തുടങ്ങിയിട്ടേയുള്ളൂ.

കൃഷ്ണന്റെയും രാധയുടെയും പ്രണയത്തെ ആസ്പദമാക്കി ഇറക്കിയ ആൽബത്തിന് മികച്ച സ്വീകാര്യത ലഭിച്ചിരുന്നല്ലോ?

ഉത്സവ് എന്ന പരിപാടിയിൽ ലളിതഗാനമത്സരത്തിന് ഒന്നാം സമ്മാനം ലഭിച്ചിരുന്നു. അതിന്റെ വിധികർത്താക്കളിൽ ഒരാളായ കുമാരി നായർ, കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് സംഗീതത്തിൽ ഗോൾഡ് മെഡൽ നേടിയ വ്യക്തിയാണ്. അവർക്ക് ജനിക്കാതെ പോയ മകനാണ് ഞാൻ എന്നുപറഞ്ഞതും 'ആന്റി' എന്ന് വിളിച്ചാൽ മതിയെന്നും പറഞ്ഞത് ജീവിതത്തിൽ കിട്ടാവുന്ന ഏറ്റവും വലിയ അംഗീകാരമായി കാണുന്നു. ഞാൻ എഴുതിയ 'കണ്ണൻ വരുമല്ലോ ഇന്ന്' എന്ന ഗാനം ഫോണിലൂടെ അവരെ കേൾപ്പിച്ച പിറ്റേ ദിവസം ആന്റി തിരിച്ചുവിളിച്ചു. ഇത്രവേഗത്തിൽ എന്റെ വരികൾക്ക് ഈണമിട്ട് സംഗീതം അരച്ചുകലക്കിക്കുടിച്ചൊരാൾ പാടികേട്ടപ്പോൾ അമ്പരന്നു. അഞ്ചുമിനിറ്റിനുള്ളിൽ മനസ്സിലേക്ക് അലയടിച്ച 'കണ്ണൻ വന്നില്ല തോഴി' എന്ന വരികളും ഞാൻ ഇതേ രീതിയിൽ കേൾപ്പിച്ചു. ആന്റി അതിനും ഈണമിട്ടു.അങ്ങനെയാണ് ഇതൊരു ആൽബം ആക്കുന്നതിനെക്കുറിച്ച് ആലോചിച്ചത്.വേഗം തന്നെ മൂന്ന് നാലുപാട്ടുകൾ കൂടി എഴുതി.കൃഷ്ണന്റെയും രാധയുടെയും പ്രേമത്തിന്റെ പല തലങ്ങളിലൂടെയുള്ള സഞ്ചാരമാണ് തീം. കണ്ണൻ വരാനുള്ള കാ

ത്തിരിപ്പും,രാസലീലയും,വരാത്തതിലുള്ള രാധയുടെ വ്യസനവുമെല്ലാം ഉൾച്ചേർത്താണ് ഗാനങ്ങൾ ഒരുക്കിയത്. 2012 ലായിരുന്നു സിഡി റിലീസ് ചെയ്തത്. യൂട്യൂബിൽ അതിലെ രണ്ടുഗാനങ്ങളുണ്ട്.

സംഘടനാപ്രവർത്തനങ്ങൾ?

മിക്കവാറും എല്ലാ സംഘടനകളിലും അംഗത്വമുണ്ടെങ്കിലും ഭാരവാഹിത്വം ഏറ്റെടുക്കാൻ താല്പര്യപ്പെടാറില്ല. അതിലേക്കുകൂടി നീക്കിവയ്ക്കാൻ സമയം ഇല്ലാത്തതുകൊണ്ടാണ് അവസരങ്ങൾ ലഭിച്ചിട്ടും സ്വീകരിക്കാത്തത്. നീതി നിഷേധിക്കപ്പെട്ടവരെ സഹായിക്കുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച 'ജസ്റ്റിസ് ഫോർ ഓൾ' എന്ന സംഘടനയുടെ ശൈലി അല്പം വ്യത്യസ്തമായി തോന്നിയതുകൊണ്ട് അതിന്റെ ചെയർമാനായ തോമസ് കൂവള്ളൂർ സർ, വൈസ്-ചെയർമാൻ എന്ന സ്ഥാനത്തേക്ക് ക്ഷണിച്ചപ്പോൾ നിരസിച്ചില്ല. സ്റ്റാർ സിംഗർ യുഎസ്എ എന്ന പേരിൽ ഒരു വർഷത്തോളം നീണ്ട ഒരു റിയാലിറ്റി ഷോ നടന്നിരുന്നു.മത്സരത്തിൽ ഞാൻ സെക്കൻഡ് റണ്ണർ ആപ്പായി. അവിടെവച്ച് യോഗാചാര്യൻ എന്ന നിലയ്ക്കാണ് കൂവള്ളൂർജിയെ പരിചയപ്പെട്ടത്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ കണ്ട് താല്പര്യം തോന്നിയാണ് എന്നെക്കൊണ്ട് കഴിയുന്ന സഹായങ്ങൾ 'ജസ്റ്റിസ് ഫോർ ഓളു'മായി ചേർന്ന് ചെയ്യാൻ തീരുമാനിച്ചത്. ഇന്ത്യൻ അമേരിക്കൻ മലയാളി കമ്മ്യൂണിറ്റി ഓഫ് യോങ്കേഴ്സ് എന്ന സംഘടനയിലും അദ്ദേഹവുമായുള്ള ഹൃദയൈക്യം കൊണ്ടാണ് ചേർന്നത്. അതിന്റെ പ്രസിഡന്റായും പ്രവർത്തിക്കാൻ അവസരം വന്നുചേർന്നു.

മനസ്സുനിറച്ച അനുഭവം?

അമേരിക്കയിൽ വന്ന ശേഷം പഠിച്ചിറങ്ങിയ കോളജിൽ പോയിട്ടില്ല. യാദൃച്ഛികമായി,ഈ അടുത്ത് എനിക്കൊരു ഫോൺ കോൾ വന്നു.എന്നെ പഠിപ്പിച്ചിരുന്ന പ്രൊഫസറാണ് വിളിച്ചത്. ഏതോ സുഹൃത്തിന്റെ കയ്യിൽ നിന്ന് എന്റെ നമ്പർ സംഘടിപ്പിച്ചാണ് വിളിച്ചത്. കോളജ് യൂത്ത് ഫെസ്റ്റിവലിന് മുഖ്യാതിഥിയായി പങ്കെടുക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടപ്പോൾ അക്ഷരാർത്ഥത്തിൽ മനസ്സ് നിറഞ്ഞു. സിനിമയിൽ അഭിനയിക്കാൻ അവസരം ലഭിച്ചിരിക്കെയാണ് വിളി വന്നിരിക്കുന്നത് . ഷൂട്ടിംഗ് നടക്കുന്ന അതേ തീയതിയിലേക്കാണ് കോളജിലേക്കും ക്ഷണം. ഏതെങ്കിലും ഒന്ന് വേണ്ടെന്ന് വയ്ക്കണം.വീട്ടിൽ ഇക്കാര്യം ചർച്ച ചെയ്തപ്പോൾ മകൾ ചോദിച്ചത് ഇതിൽ ഏതാണ് അപൂർവമായി മാത്രം ലഭിക്കുന്ന ഭാഗ്യം എന്നാണ്. തീർച്ചയായും അഭിനയിക്കാനുള്ള അവസരം ഇനിയും എത്തും.എന്നാൽ,പഠിച്ച കോളജിൽ മുഖ്യാതിഥിയായുള്ള ക്ഷണം അങ്ങനെയല്ലല്ലോ. അതുകൊണ്ട്, കോളജിലെ ചടങ്ങിൽ പങ്കെടുക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

കുടുംബം?

നിർലോപമായ പിന്തുണയാണ് കുടുംബത്തിൽ നിന്ന് ലഭിക്കുന്നത്. ഭാര്യ ഷൈല പോസ്റ്റ് ഓഫീസിലാണ് ജോലി ചെയ്യുന്നത്.തൊടുപുഴ സ്വദേശിയാണ്.ആരെയും സഹായിക്കാൻ മടികാണിക്കാത്ത വ്യക്തിത്വമാണ് എടുത്തുപറയാവുന്നത്. മകൻ വിനയ് ടെക്സസിൽ പഠനവും ജോലിയുമായി കഴിയുന്നു. ഫിലിം ഫീൽഡിലാണ് താല്പര്യം. മകൾ ഗായത്രി ന്യൂറോസയൻസിൽ അണ്ടർ ഗ്രാജുവേറ്റ് കോഴ്സ് ചെയ്തുകൊണ്ടിരിക്കുന്നു.ഭരതനാട്യവും മോഹിനിയാട്ടവും നാടോടിനൃത്തവും അഭ്യസിക്കുന്നുണ്ട്. കഴിഞ്ഞ വർഷം ന്യൂയോർക്കിൽ വച്ച് അവളുടെ അരങ്ങേറ്റം നടത്തിയിരുന്നു.എന്റെ യൂട്യൂബ് ചാനലിൽ വീഡിയോ എഡിറ്റിംഗ് ഉൾപ്പെടെ എല്ലാക്കാര്യങ്ങളും ഭാര്യയും മക്കളും ചേർന്നാണ് ചെയ്യുന്നത്.